LIBRARY ARCHIVES Kerala Legislative Assembly

കോവൂർ സെക്ഷൻ ഓഫീസ് വിഭജനം

5 (390) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ കോവൂർ സെക്ഷൻ ഓഫീസ് വിഭജിക്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

കോഴിക്കോട് ജില്ലയിലെ കോവൂർ, മാവൂർ എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് കുറ്റിക്കാട്ടൂരിൽ പുതിയ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശം നിലവിലുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വൈദ്യുത ബോർഡ് പരിശോധിച്ചുവരുന്നു.

വൈദ്യുതി ചാർജ്ജ് കുടിശ്ശിക

6 (391) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30-6-2011-ലെ കണക്കു പ്രകാരം കെ.എസ്.ഇ.ബി.-യുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക എത്ര;

(ബി) 31-12-2015 -ലെ കണക്കു പ്രകാരം കെ.എസ്.ഇ.ബി.-യുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക എത്ര ശതമാനം വർദ്ധിച്ചുവെന്നും ആയത് എത്ര കോടി രൂപയാണെന്നും വ്യക്തമാക്കുമോ;

(സി) നിലവിൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ കേരള വാട്ടർ അതോറിറ്റി എത്ര കോടി രൂപയുടെ കുടിശ്ശിക വരുത്തിയിട്ടുണ്ട്;

(ഡി) ഇത്തരത്തിൽ കുടിശ്ശിക തുക അടയ്ക്കേണ്ട കേന്ദ്ര/സംസ്ഥാന/അർദ്ധ സർക്കാർ/പൊതുമേഖല/ബോർഡുകൾ/സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ കുടിശ്ശിക നിലവിൽ എത്ര കോടി രൂപ വീതമെന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിൽ ഇത്തരത്തിൽ ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ കേന്ദ്ര സർക്കാർ സ്ഥാപനം/സംസ്ഥാന സർക്കാർ സ്ഥാപനം/അർദ്ധസർക്കാർ സ്ഥാപനം/പൊതുമേഖലാ സ്ഥാപനം/സ്വകാര്യ മേഖല സ്ഥാപനം/ബോർഡ് എന്നിവ ഏതൊക്കെയാണെന്നും എത്ര കോടി രൂപയുടെ കുടിശ്ശികയാണ് പ്രസ്തുത സ്ഥാപനങ്ങൾ ഓരോന്നും അടയ്ക്കുവാനുള്ളതെന്നും വ്യക്തമാക്കുമോ;

(എഫ്) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ സർക്കാരോ, റഗുലേറ്ററി കമ്മീഷനോ വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഒഴിവാക്കൽ, പലിശ ഇളവ് നൽകൽ എന്നിവ നൽകിയതിലൂടെ വൈദ്യുതി ബോർഡിന് ലഭിക്കാതെ പോയ തുക എത്ര; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 1202.59 കോടി രൂപ.

(ബി) വൈദ്യുതി ചാർജ്ജ് കുടിശ്ശിക ത്രൈമാസ കണക്കുകളായാണ് തയ്യാറാക്കുന്നത്. 31-12-2015-ലെ കുടിശ്ശിക കണക്ക് ക്രോഡീകരിച്ചു കൊണ്ടിരിക്കുകയാണ്. 30-9-2015-ലെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക തുക ആകെ 1964.12 കോടി രൂപയാണ്.

(സി) 30-9-2015-ലെ വൈദ്യുതി ചാർജ്ജ് കുടിശ്ശികയുടെ ത്രൈമാസ കണക്കുപ്രകാരം വാട്ടർ അതോറിറ്റിയുടെ കുടിശ്ശിക 919.94 കോടി രൂപയാണ്.

(ഡി) വൈദ്യുതി ചാർജ്ജ് കുടിശ്ശികയുടെ 30-9-2015-ലെ ത്രൈമാസ കണക്കുപ്രകാരമുള്ള വിശദവിവരം താഴെകൊടുത്തിരിക്കുന്നു:

	തുക (കോടിയിൽ)
കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ	0.28
സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ	120.86
സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ /അർദ്ധ സർക്കാർ സ്ഥാപനങ്ങൾ	1108.86
കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ	48.36
സ്വകാര്യ സ്ഥാപനങ്ങൾ	664.69

(ഇ) 30-9-2015-ലെ കണക്കുപ്രകാരം ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളും കണക്കുകളും താഴെ കാണിച്ചിരിക്കുന്നു:

	തുക (കോടിയിൽ)
കേന്ദ്ര സർക്കാർ സ്ഥാപനം പോസ്റ്റൽ ഡിപ്പാർട്ട്മെന്റ്	0. 1695
സംസ്ഥാന സർക്കാർ സ്ഥാപനം കൃഷി വകുപ്പ്	48.59
പൊതുമേഖലാ സ്ഥാപനം (സംസ്ഥാനം) കേരള വാട്ടർ അതോറിറ്റി	919.93
റ്റി.സി.സി.എൽ.	105.88
സ്വകാര്യ മേഖല സ്ഥാപനം ബിനാനി സിങ്ക്	50.50

(എഫ്) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ 341.91186 ലക്ഷം രൂപ പലിശയിനത്തിൽ ഇളവ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly